LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) മലപ്പുറം ജില്ലയിലെ തിരുരങ്ങാടി ഗ്രാമപഞ്ചായത്തിനേയും തൃശ്ശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്തിനേയുമാണ് 'പുര' പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്തിരുന്നതെങ്കിലും പ്രസ്തുത പദ്ധതി കേന്ദ്ര ഗ്രാമവികസന മന്ത്രാലയം നിർത്തലാക്കിയിട്ടുള്ളതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

പി.എം.ജി.എസ്.വൈ. പ്രവൃത്തികൾ

21 (3223) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം നിർമ്മിച്ച റോഡുകൾ ഏതൊക്കെയാണ്; അവയുടെ അടങ്കൽ തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തിയായവ ഏതെല്ലാം; പൂർത്തീകരിക്കുവാനുള്ളവ ഏതെല്ലാം; ഇനിയും ആരംഭിക്കാത്തവ ഏതെല്ലാം; വിശദമാക്കാമോ;

(സി) പുതുതായി ഏതൊക്കെ റോഡുകൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്നും പ്രസ്തുത റോഡുകളുടെ പ്രവൃത്തികൾ എന്ന് തുടങ്ങാൻ കഴിയുമെന്നും വിശദമാക്കാമോ?

ഉത്തരം

(എ) മൂന്ന് റോഡുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

ക്രമ നം.	റോഡിന്റെ പേര്	നീളം	ഫേസ്	അടങ്കൽ തുക (ലക്ഷത്തിൽ)	റിമാർക്ക്സ്
1	തോട്ടപ്പള്ളി നോർത്ത്-കസ്തൂർബ	0.63	VIII (Batch I)	52.25	എഗ്രിമെന്റ് വച്ചിട്ടുണ്ട്.
2	മാത്തേരി-കരിച്ചീറ	1.48	VIII(Batch I)	118.29	പല തവണ ടെണ്ടർ ചെയ്തിട്ടും ആരും ടെണ്ടർ സമർപ്പിച്ചിട്ടില്ല.
3	വണ്ടാനം-വണ്ടാനംകാവ്	1.80		206.75	

(ബി) പ്രസ്തുത പദ്ധതികളിൽ ഒന്നും തന്നെ പൂർത്തിയാക്കിയിട്ടില്ല.

തോട്ടപ്പള്ളി നോർത്ത്-കസ്തൂർബ എന്ന റോഡ് ആണ് പൂർത്തീകരിക്കുവാനുള്ളത്. മാത്തേരി-കരിച്ചീറ, വണ്ടാനം-വണ്ടാനം കാവ് എന്നീ റോഡുകൾക്കുള്ള കരാർ ആരും തന്നെ ഏറ്റെടുത്തിട്ടില്ല.

(സി) മേൽപ്പറഞ്ഞ റോഡുകൾക്കല്ലാതെ പുതുതായി ഫണ്ട് അനുവദിച്ചിട്ടില്ല.

കോഴിക്കോട് ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റ്

22 (3224) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റ് ജില്ലാ ഓഫീസിലെ ജീവനക്കാർക്ക് ഡിസംബർ മാസത്തെ ശമ്പളം നാളിതുവരെയും ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഓഫീസിലെ ജീവനക്കാർക്ക് ശമ്പളം നൽകാത്തതിന് ആരാണ് ഉത്തരവാദിയെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതിന് ഉത്തരവാദിയായവർക്കെതിരെ നടപടി സ്വീകരിക്കുമോ എന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. 2015 നവംബർ മാസത്തെ ശമ്പളം ഫണ്ടില്ലാത്തത് കാരണം നൽകാൻ കഴിഞ്ഞിട്ടില്ല.

(ബി) ഇതുസംബന്ധിച്ച പരാതി സർക്കാരിൽ ലഭിച്ചിട്ടില്ല.

(സി) കേന്ദ്ര സർക്കാരിൽ നിന്നുള്ള ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ ഫണ്ടിന്റെ രണ്ടാം ഗഡു ലഭിക്കാത്തതാണ് കാരണം.

(ഡി) പരിശോധിക്കാവുന്നതാണ്.

ഗ്രാമവികസന വകുപ്പിലെ ബി.ഡി.ഒ. തസ്തിക

23 (3225) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൽ ബി.ഡി.ഒ. തസ്തികയിലേക്കുള്ള പ്രൊമോഷൻ നിയമനത്തിന് ഡിഗ്രി നിർബന്ധമാക്കിയിട്ടുണ്ടോ ; എങ്കിൽ എന്നുമുതലാണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly